പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 183 — 08.12.2015-ൽ മറുപടിയ്ക്ക്

## ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി :<br>ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ കമ്പനികളുടെ സഞ്ചിത നഷ്ടത്തിന്റെ 75% സംസ്ഥാന സർക്കാരുകൾ ഏറ്റെടുത്ത് ഊർജ്ജ മേഖലെ കാര്യക്ഷമമാക്കണമെന്ന് നിഷ്ക്കർഷിക്കുന്ന കേന്ദ്ര പദ്ധതിയായ ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന (ഉദയ്) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഇല്ല.<br>സംസ്ഥാന ഉടമസ്ഥതയിലുള്ള വൈദ്യുത വിതരണ കമ്പനികളുടെ സാമ്പത്തിക നിലയും പ്രവർത്തന മികവും മെച്ചപ്പെടുത്തുന്നത് ലക്ഷ്യം വച്ചുള്ള കേന്ദ്ര പദ്ധതിയായ 'ഉദയ്' 20.11.2015-ൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടേയുള്ളൂ. പദ്ധതിയെ ക്കുറിച്ച് വിശദമായി പരിശോധിച്ചതിനു ശേഷം മാത്രമേ സംസ്ഥാനത്ത് ആയത് നടപ്പാക്കാനുവുമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനാവുകയുള്ളൂ. |
| (ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണ കമ്പനികളുടെ സഞ്ചിത നഷ്ടം എത്ര രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ലാത്ത, 2014-15 സാമ്പത്തിക വർഷത്തെ, താല്ക്കാലിക കണക്ക് പ്രകാരം കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 1300.43 കോടി രൂപയാണ്. |
| (സി) പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) ഉദയ് പദ്ധതി നടപ്പാക്കുന്നതോടു കൂടി വൈദ്യുത നിരക്ക് വർദ്ധിക്കാൻ സാദ്ധ്യതയുണ്ടോ ? | (ഡി) പ്രാരംഭ വിലയിരുത്തലിൽ, വൈദ്യുതി നിരക്ക് വർദ്ധിക്കുന്ന പുതിയ നിർദ്ദേശങ്ങളൊന്നും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ.